അത് പല പ്രാവശ്യം പരാതിയായി പറഞ്ഞിട്ടുണ്ടെങ്കിലും നടപ്പാക്കാതെ പോയതുകൊണ്ടാണ് ഇപ്പോൾ ഇവിടെ സബ്മിഷനായി അവതരിപ്പിക്കുന്നത്. ദയവായി വാകത്താനത്തെ നാലുന്നാക്കൽ-കളമ്പാട്ടുചിറ തോട്ടിലെ മണ്ണ് മാറ്റി ക്കളഞ്ഞ് ആ ഭാഗത്തുള്ള കർഷകരെ സഹായിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണ പിള്ള) : സർ, വാഴൂർ നിയോജകമണ്ഡലത്തിലെ നാലുന്നാക്കൽ-കളമ്പാട്ടുചി റത്തോടിന് ഏകദേശം 5 കി.മീ നീളമുണ്ട്. 5 വർഷങ്ങൾക്കുമുമ്പ് അന്നത്തെ തോടിന്റെ തറ നിരപ്പ് അനുസരിച്ച് പാർശ്വഭിത്തി കെട്ടി സംരക്ഷിച്ചിരുന്നു. വഞ്ചിയിലൂടെയുള്ള ഗതാഗതം ഈ തോട്ടിൽ മുമ്പുണ്ടായിരുന്നു. മണ്ണൊലിപ്പു മൂലം തോടിന്റെ ആഴം ഒരു മീറ്ററോളം കുറയുകയും വർഷകാലത്ത് വെള്ള പ്പൊക്കം ഉണ്ടാകുമ്പോൾ തോട് കരകവിഞ്ഞ് ഒഴുകുകയും കൃഷിനാശം ഉണ്ടാകുകയും വേനൽക്കാലത്ത് വെള്ളം വറ്റി പോകുകയും വർദ്ധിച്ച വരൾച്ച അനുഭവപ്പെടുകയും ചെയ്യുന്നുണ്ട്. തോട് ഒരു മീറ്ററോളം താഴ്ത്തുകയാണെ ങ്കിൽ ഈ പ്രശ്നം ഒരു പരിധിവരെ പരിഹരിക്കാവുന്നതാണ്. അതിലേയ്ക്ക് ഉദ്ദേശം 5 ലക്ഷം രൂപ വേണ്ടിവരും. ഇതു സംബന്ധിച്ച അനന്തര നടപടികൾ സ്വീകരിക്കുന്നതിന് കോട്ടയം മൈനർ ഇറിഗേഷൻ അസിസ്റ്റന്റ് എക്സിക്യൂ ട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രസ്തുത പണി നടത്തുന്നതാണ്.

(7) അസോസിയേഷൻ ഓഫ് ആട്ടോമൊബൈൽ വർക്ക്ഷോപ്സ്, കേരള സമർപ്പിച്ചിട്ടുള്ള വിവിധ ആവശ്യങ്ങൾ

ശ്രീ. ചെർക്കളം അബ്ദുള്ള : സർ, സംസ്ഥാനത്തെ 38,000 ആട്ടോമൊ ബൈൽ വർക്ക്ഷോപ്പുകളിൽ ജോലി ചെയ്യുന്ന 5 ലക്ഷത്തോളം തൊഴിലാളി കൾക്ക് ക്ഷേമനിധിയും പെൻഷൻ പദ്ധതിയും മറ്റും ഏർപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അവരുടെ ഏക സംഘടനയായ അസോസിയേഷൻ ഓഫ് ആട്ടോമൊബൈൽ വർക്ക്ഷോപ്സ്, കേരള സർക്കാരിന് സമർപ്പിച്ചി ട്ടുള്ള മെമ്മോറാണ്ടത്തിലെ 10 ഇന ആവശ്യങ്ങൾ നടപ്പിലാക്കുന്നതിന് അടിയ ന്തിര നടപടി സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണ പിള്ള) : സർ, ആട്ടോമൊബൈൽ വർക്ക്ഷോപ്സ് കേരള ഉന്നയിച്ചിട്ടുള്ള വിവിധ ആവശ്യങ്ങളിൽ പ്രധാനപ്പെട്ടതിനു മാത്രമാണ് ഞാൻ മറുപടി പറ യാൻ ശ്രമിക്കുന്നത്. പ്രത്യേകമായി ആരംഭിച്ച പല ക്ഷേമനിധി ബോർഡുക ളിലും സമാഹരിക്കപ്പെടുന്ന അംശദായംകൊണ്ട് അതിന്റെ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ പോലും നടത്തികൊണ്ടുപോകാൻ കഴിയാതെ വന്നിട്ടുള്ള സാഹ ചര്യത്തിൽ സ്വയംതൊഴിൽ ചെയ്ത് ഉപജീവനം നടത്തുന്നവരും മറ്റ് ചെറിയ ജോലികളിൽ നിയോഗിക്കപ്പെടുന്നവരുമായ എല്ലാ വിഭാഗം തൊഴിലാളി കൾക്കും വേണ്ടി ഇപ്പോൾ നിലവിലുള്ള കേരള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളിക്ഷേമനിധി പദ്ധതിവഴി പരിഹാരം ഉണ്ടാക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. അതനുസരിച്ച് കേരള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴി ലാളി പദ്ധതിയിൽ കൊല്ലൻ, സ്വർണ്ണപ്പണിക്കാരൻ മൂശാരി ഇവർക്കു പുറമെ ഫോട്ടോഗ്രാഫർമാർ, മൺപാത്ര നിർമ്മാണത്തൊഴിലാളികൾ, വർക്ക്ഷോപ്പ് തൊഴിലാളികൾ എന്നിവരെക്കൂടി ഉൾപ്പെടുത്തി ഇപ്പോൾ നിലവിലുള്ള പദ്ധതി

LIBRARY ARCHIVES Kerala Legislative Assembly

പരിഷ്കരിച്ച് ക്ഷേമനിധി നിയമമാക്കുന്നതിന് കരട് ബിൽ തയ്യാറാക്കി സമർപ്പിക്കാൻ ലേബർ കമ്മിഷണറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ബിൽ നിയമം ആകുമ്പോൾ വർക്ഷോപ് തൊഴിലാളികൾക്കും പ്രസ്തുത ക്ഷേമനിധിയിൽ അംഗങ്ങളാകാവുന്നതാണ്.

(8) കേരള വാട്ടർ അതോറിറ്റിയുടെ ട്രേഡ് യൂണിയൻ നേതാക്കൾ സെക്രട്ടേറിയറ്റിനു മുമ്പിൽ നടത്തുന്ന നിരാഹാര സത്യാഗ്രഹം

[11. am.]

ശ്രീ. കെ.പി. രാജേന്ദ്രൻ : സർ, കേരള വാട്ടർ അതോറിറ്റി ജീവനക്കാരുടെ ശമ്പളപരിഷ്കരണം സംബന്ധിച്ചാണ് ഈ സബ്മിഷൻ. കേരള വാട്ടർ അതോറിറ്റി ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നത് നീണ്ടുപോകുന്നതിൽ പ്രതിഷേധിച്ചുകൊണ്ട് സെക്രട്ടേറിയറ്റിനു മുമ്പിൽ തൊഴിലാളി സംയുക്ത സമരസമിതികളായ എ. ഐ.ടി.യു.സി., യു.ടി.യു.സി., എച്ച്.എം.എസ്., ഐ.എൻ.ടി.യു.സി. തുടങ്ങിയ സംഘടനകളുടെ നേതാക്കൾ അനിശ്ചിതകാല നിരാഹാരസത്യാഗ്രഹം തുടർന്നുവരികയാണ്. 1997 മാർച്ച് 31-ന് നിലവിലുള്ള കരാറിന്റെ കാലാവധി തീർന്നതാണ്. ഏപ്രിൽ മുതൽ പുതിയ ശമ്പള പരിഷ്കരണം നടപ്പിലാക്കേണ്ടതായിരുന്നു. ശമ്പള പരിഷ്കരണത്തിനുള്ള കമ്മിറ്റി രൂപീകരണംതന്നെ നീണ്ടുപോയി. രൂപീകരിച്ച കമ്മിറ്റി പ്രവർത്തിക്കാതെ വരികയും കമ്മിറ്റിയംഗങ്ങൾ ഒഴിഞ്ഞുപോവുകയും ചെയ്തതിനെത്തുടർന്ന് ഈ സഭയിൽത്തന്നെ അതു സംബന്ധിച്ച് ഒരു സബ്മിഷൻ ഉന്നയിച്ചിരുന്നതാണ്. അതിനുശേഷം ജലസേചനവകുപ്പു സെക്രട്ടറിയുടെ നേതൃത്വത്തിൽ രൂപീകരിച്ച മൂന്നംഗ കമ്മിറ്റി അതിന്റെ റിപ്പോർട്ട് സർക്കാരിനു നൽകി. റിപ്പോർട്ടിലെ ശുപാർശകളെ സംബന്ധിച്ച് ബഹുമാനപ്പെട്ട ജലസേചനവകുപ്പുമന്ത്രി 5.5.1999-ന് ട്രേഡ് യൂണിയൻ നേതാക്കളുമായി ചർച്ച നടത്തിയിരുന്നു. തൊഴിലാളികൾക്ക് ദ്രോഹകരമായ ശുപാർശകൾ ഭേദഗതി ചെയ്യുന്നതിനും അന്നു തീരുമാനിച്ചിരുന്നതാണ്. എന്നാൽ മാസ്റ്റർ സ്കെയിൽ, ഇൻക്രിമെന്റ് റേറ്റിലെ വ്യത്യാസം ശമ്പള സ്കെയിൽ തുടങ്ങിയവയെല്ലാം വെട്ടിക്കുറച്ചുകൊണ്ടാണ് ഇപ്പോൾ ശമ്പള പരിഷ്കരണ റിപ്പോർട്ട് നടപ്പാക്കാൻ പോകുന്നത്, ഇത് അനീതിയാണ്. ജീവനക്കാരെ അവഹേളിക്കുന്നതും ദ്രോഹിക്കുന്നതുമായ നടപടിയാണ്. ട്രേഡ് യൂണിയൻ സംഘടനാ നേതാക്കളുമായി ചർച്ച ചെയ്ത് ബഹുമാനപ്പെട്ട മന്ത്രിയുണ്ടാക്കിയ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ ശമ്പള പരിഷ്ക്കരണ റിപ്പോർട്ട് അടിയന്തിരമായി നടപ്പാക്കണമെന്നും, 1997 ഏപ്രിൽ മുതൽ ഈ ആനുകൂല്യങ്ങൾ ജീവനക്കാർക്ക് നൽകണമെന്നും അഭ്യർത്ഥിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : കേരള വാട്ടർ അതോറിറ്റി ജീവനക്കാരുടെ സമരം ഇവിടെ ആരംഭിച്ചിട്ട് കുറേ ദിവസങ്ങളായി . വാട്ടർ അതോറിറ്റി ജീവനക്കാരുടെ ശമ്പള പരിഷ്കരണവും ബന്ധപ്പെട്ട കാര്യങ്ങളും പരിശോധിച്ച് റിപ്പോർട്ടു സമർപ്പിക്കാൻ സർക്കാർ ഒരു കമ്മിറ്റിയെ നിയോഗിച്ചിരുന്നു. ആ കമ്മിറ്റിയുടെ റിപ്പോർട്ട് കഴിഞ്ഞ ഫെബ്രുവരി മാസത്തിൽ സർക്കാരിനു കിട്ടിയിരുന്നുവെങ്കിലും കമ്മിറ്റിയുടെ ശുപാർശകൾ തൃപ്തികരമല്ലായെന്നുപറഞ്ഞ് അതോറിറ്റി ജീവനക്കാരുടെ മുപ്പത്തിമൂന്നോളം സംഘടനകൾ വാട്ടർ അതോറിറ്റിക്കു മുമ്പിലും സെക്രട്ടേറിയറ്റിനുമുമ്പിലും ധർണകളും പ്രതിഷേധപ്രകടനങ്ങളും നടത്തി. ആ റിപ്പോർട്ടിന്റെ കോപ്പി എല്ലാ സംഘടനകൾക്കും അയച്ചുകൊടുക്കുകയും അവരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും എഴുതിസമർപ്പിക്കാൻ അവസരം

LIBRARY ARCHIVES Kerala Legislative Assembly